(സി) നഗര വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നഗരപ്രദേശത്തെ ജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള അധിക നികുതി ചുമത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) പ്രസ്തുത വായ്പ സംബന്ധിച്ച് എ. ഡി. ബി.-യുമായി സർക്കാർ കരാർ ഒപ്പിട്ടിട്ടില്ല. ഈ വായ്പയുടെ വ്യവസ്ഥകളും അന്തിമമായി അംഗീകരിച്ചിട്ടില്ല.

(സി, ഡി) ചോദ്യമുദിക്കുന്നില്ല.

കിലയുടെ പ്രവർത്തനങ്ങൾ

52 [5893] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)-യുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ജനപ്രതിനിധികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഏതെല്ലാം തരത്തിലുള്ള എന്തെല്ലാം വിഷയങ്ങളെ സംബന്ധിച്ച പരിശീലനങ്ങളും ക്ലാസ്സുകളുമാണ് കിലയിൽ നൽകിവരുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) കിലയിൽ ഏതെല്ലാം ഫാക്കൽറ്റികളിലായി എത്ര പരിശീലകരുടേയും അദ്ധ്യാപകരുടേയും ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) കിലയ്ക്ക് തിരുവനന്തപുരത്തും കോഴിക്കോടും റീജിയണൽ സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന പരിശീലനം നൽകുക, പഞ്ചായത്ത് രാജുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, സെമിനാറുകൾ, ശില്പ ശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുക മുതലായവയാണ് കിലയുടെ പ്രധാന പ്രവർത്തനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫിനാൻഷ്യൽ മാനേജ്മെന്റ് പരിശീലനം, മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം, ഓറിയന്റേഷൻ കോഴ്സ്, സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗ മെമ്പർമാർക്കും പ്രത്യേക പരിശീലനം, പ്രാദേശിക സർക്കാരുകളും സദ്ഭരണവും സംബന്ധിച്ച പരിശീലനം തുടങ്ങിയവയാണ് കില നൽകി വരുന്നത്. മേൽപറഞ്ഞ പരിശീലന പരിപാടികളിൽ താഴെപ്പറയുന്ന വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്:

1. പഞ്ചായത്ത് അക്കൗണ്ടിംഗ്
2. ബഡ്ജറ്റിംഗ്
3. ഓഡിറ്റിംഗ്
4. കടം, ബാധ്യതാ മാനേജ്മെന്റ്
5. ഡബിൾ എൻട്രി മാനേജ്മെന്റ്
6. പെർഫോർമെൻസ് മാനേജ്മെന്റ്
7. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ബന്ധം
8. ലീഡർഷിപ്പ്/ടീംവർക്ക്/മോട്ടിവേഷൻ കമ്മ്യൂണിക്കേഷൻ/ക്രൈസിസ് മാനേജ്മെന്റ്
9. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം
10. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ
11. പഞ്ചായത്ത് രാജ് ആക്ട്/റൂൾസ്
12. മൈക്രോ പ്ലാനിംഗ്
13. പ്രൈമറി വിദ്യാഭ്യാസം, ഹെൽത്ത്/സാനിട്ടേഷൻ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്.

തുടങ്ങിയവയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്ക്; സാമ്പത്തിക ഉന്നമനത്തിനായി സ്ത്രീകളുടെ പങ്ക്; സ്ത്രീകൾക്കു നേരെയുള്ള അക്രമത്തിനെതിരെയുള്ള നിയമങ്ങൾ; സ്ത്രീ ശാക്തീകരണം.

(സി) താഴെപ്പറയുന്ന അദ്ധ്യാപക തസ്തികകളിൽ ഒഴിവുകളുണ്ട്.

1. അസിസ്റ്റന്റ് പ്രൊഫസർ (പഞ്ചായത്തിരാജ്)
2. അസിസ്റ്റന്റ് പ്രൊഫസർ (ലോക്കൽ അഡ്മിനിസ്ട്രേഷൻ)
3. അസിസ്റ്റന്റ് പ്രൊഫസർ (ഫിനാൻസ്)

(ഡി) അസിസ്റ്റന്റ് പ്രൊഫസർ (പഞ്ചായത്തിരാജ്) തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly